LIBRARY ARCHIVES Kerala Legislative Assembly

സെക്യൂരിറ്റി തടവുകാർ ജയിലിൽനിന്നും അയയ്ക്കുന്ന കത്തുകൾക്ക് രസീതു നൽകുന്ന സംപ്രദായം

* 54. [81] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു സെക്യൂരിറ്റി തടവുകാരൻ ഗവൺമെൻറിലേയ്ക്കും മറ്റും അയയ്ക്കുന്ന എഴുത്തുകൾ എത്രദിവസംവരെ അയയ്ക്കാതെ ജയിൽ ആഫീസിൽ സൂക്ഷിക്കാം ;

(ബി) നിലവിലുള്ള സംപ്രദായം അനുസരിച്ച് അയയ്ക്കുന്ന കടലാസ്സുകൾ പോകുന്നു എന്നുറപ്പുവരുത്താൻ ഒരു വഴിയുമില്ലെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കുറവുപരിഹരിക്കുന്നതിന് അത്തരം കടലാസ്സുകൾ അയയ്ക്കുമ്പോൾ എന്തെങ്കിലും രീതിയിൽ രസീതുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇതിന് ഒരു നിശ്ചിത സമയം ഗവൺമെൻറ് നിശ്ചയിച്ചിട്ടില്ല. ഒരു സെക്യൂരിറ്റി തടവുകാരനിൽനിന്നും ലഭിക്കുന്ന കത്തുകൾ സെൻസർ ന യമത്തിന് വിധേയമായതിനാൽ അവ പരിശോധിക്കാനുള്ള കാലതാമസം അനിവാര്യമാണ്.

(ബി) ഇല്ല.

(സി) പ്രായോഗികമല്ല.

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പ്രിൻറിംഗിനുവേണ്ടി ചെലവഴിച്ച തുക.

* 55. [82] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രിൻറിംഗിനുവേണ്ടി എത്ര രൂപ ചിലവാക്കിയിട്ടുണ്ട് ;

(ബി) ഭീമമായ തുക ചിലവാക്കി പ്രിൻറിംഗ് നടത്തുന്നത് ഒഴിവാക്കുവാനായി കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സ്വന്തമായി ഒരു പ്രസ്സ് തുടങ്ങുവാൻ നടപടി എടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) പ്രിൻറിംഗിനുവേണ്ടി ചെലവാക്കിയ തുകയ്ക്ക് പ്രത്യേകം കണക്കുകൾ ഇല്ല. ടിക്കറ്റും പാസ്സുകൾക്കുമായി 9,26,729 രൂപാ 88 പൈസായും സ്റ്റേഷനറി വകയ്ക്ക് 4,81,780 രൂപാ 67 പൈസയും 1975-76-ൽചെലവായിട്ടുണ്ട്.

(ബി) കോർപ്പറേഷന് സ്വന്തമായി ഒരു പ്രസ്സ് തുടങ്ങുന്ന കാര്യം പരിഗണനയിലിരിക്കുകയാണ്.